5601
18/6/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - അട്ടപ്പാടി ICDS ഓഫീസിന്റെ ആവശ്യത്തിലേക്കായി രണ്ട് മഹീന്ദ്രബൊലേറോ വാഹനം വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.390/2014/സാനീവ തിരുവനന്തപുരം, തീയതി. 02.06.2014.

---

പരാമർശം : സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 31.12.2013 ലെ ICDS-A5-29591/13(5) നമ്പർ കത്ത്.

## ഉത്തരവ്

അട്ടപ്പാടി ICDS ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമായി 187 ഊരുകളിലായി വ്യാപിച്ചു കിടക്കുന്ന 172 അങ്കണവാടി കേന്ദ്രങ്ങളിൽ എത്തിച്ചേരേണ്ടതുണ്ടെന്നും എന്നാൽ ആയതിലേയ്ക്കായി വാഹനം വാടകയ്ക്ക് എടുക്കാൻ ശ്രമിച്ചെങ്കിലും ആരും തന്നെ ദർഘാസുകൾ സമർപ്പിച്ചില്ലെന്നും സ്വകാര്യവാഹനങ്ങൾ ഉയർന്ന നിരക്ക് ഈടാക്കുന്നതിനാലും അട്ടപ്പാടി ICDS ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക കൃത്യനിർവഹണത്തിനായി രണ്ട് മഹീന്ദ്രാ ബൊലേറോ വാഹനം വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.സാമൂഹ്യനീതി വകുപ്പ ഡയറക്ടറുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിലും അട്ടപ്പാടി മേഖലയിലെ യാത്രാക്ലേശം പരിഗണിച്ചും അട്ടപ്പാടി ICDS ഓഫീസിന്റെ ഉപയോഗത്തിനായി ഏഴ ലക്ഷം രൂപ നിരക്കിൽ രണ്ട് മഹീന്ദ്ര ബൊലോറോ വാഹനം വാങ്ങുന്നതിന് ഭരണാനുമതി നൽകിയും ആയതിലേയ്ക്ക് 14 ലക്ഷം രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

3. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തെ 'അന്നപ്രദായിനി' പദ്ധതിക്കായി നീക്കി വച്ചിട്ടുള്ള ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ഡോ.കെ.എം. എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (20764/WW3/14/ധന. നമ്പർ ഫയൽ പ്രകാരം)
വെബ് & ന്യൂ മീഡിയ വിഭാഗം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ